## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 211 — 20.06.2012-ൽ മറുപടിക്ക്

## ഡെങ്കിപ്പനി ബാധിതർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ദാസൻ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) തലസ്ഥാന നഗരിയിൽ ഡെങ്കി പനി വ്യാപകമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത് അടിയന്തിരമായി നിയന്ത്രിച്ചില്ലെങ്കിൽ മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിച്ച് ആരോഗ്യരംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം മനസ്സിലായിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലസ്ഥാന നഗരിയിൽ ഡെങ്കിപ്പനി ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ഇത് മറ്റു പ്രദേശങ്ങളിൽ വ്യാപിക്കുന്നത് തടയുന്നതിനും ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു. |
| ബി) ഈ പ്രശ്നത്തിൽ എന്ത് അടിയന്തിര നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് ; | ബി) ഡെങ്കിപ്പനി വ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നുണ്ട്.<br>1. കൊതുക്-കൂത്താടി നശീകരണ പ്രവർത്തനങ്ങളായ ഉറവിട നശീകരണം, ഫോഗിംഗ്, സ്പ്രേയിംഗ്.<br>2. കൊതുകുജന്യരോഗങ്ങൾ തടയുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>3. രോഗ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനായി<br>എ) പനിവാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്.<br>ബി) മൂന്ന് മൊബൈൽ പനി ക്ലിനിക്കുകൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. |

സി) പനി ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ ഇവ ലഭ്യമാക്കുന്നുണ്ട്.

ഡി) പനി ചികിത്സ നൽകുന്ന സ്ഥാപനങ്ങളിൽ രോഗികൾക്ക് കൊതുകുവല ലഭ്യമാക്കി വരുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ പെട്ട മൂന്ന് മേജർ ആശുപത്രികളിലും പനി നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 55 സ്റ്റാഫ് നഴ്സുമാരെ നൽകുകയുണ്ടായി. പനി ചികിത്സിക്കുന്നതിനായി പ്രത്യേക വാർഡുകൾ തുടങ്ങുകയും ഒ.പി. സമയം ദീർഘിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം ജനറൽ ആശുപത്രി, ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട, ഫോർട്ട് ആശുപത്രി, നേമം സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബുകൾ തുടങ്ങുകയുണ്ടായി.

പനി ബാധിതർക്ക് അടിയന്തിര ചികിത്സ നൽകുന്നതിനുള്ള സജ്ജീകരണങ്ങളും, ആവശ്യമുള്ള മരുന്നുകളും മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൂടുതൽ നഴ്സുമാരുടെയും, ലാബ് ടെക്നീഷ്യൻമാരുടെയും സേവനം ഏർപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പനി ബാധിതർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ ടീമിനെ സജ്ജമാക്കിയിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ അഞ്ച് ടാസ്ക്

ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങളും ബോധവൽകരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, പനി ബാധിതരെ ചികിത്സിക്കുന്നതിന് പ്രത്യേക ഒ.പി. വിഭാഗവും ആരംഭിച്ചിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പ് മെഡിക്കൽ ക്യാമ്പുകളും ബോധവൽകരണ ക്ലാസ്സുകളും നടത്തുന്നതിനും, പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

സി) തലസ്ഥാന നഗരി പകർച്ച വ്യാധികളുടെ പിടിയിലമരാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

സി) ഉണ്ട്. മാലിന്യനിർമ്മാർജ്ജനം തടസ്സപ്പെട്ടതും, അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ അതിർത്തി ജില്ലകളിൽ പടർന്നുപിടിച്ച ഡെങ്കിപ്പനിയും സമീപ ജില്ലയായ തിരുവനന്തപുരത്ത് മറ്റുജില്ലകളെ അപേക്ഷിച്ച് പകർച്ചപ്പനി കൂടുതലായി പടർന്നുപിടിക്കാൻ കാരണമായിട്ടുണ്ട്. പകർച്ചവ്യാധികളുടെ കണക്കുകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും നിത്യേന ശേഖരിച്ച്, വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തലസ്ഥാന നഗരിയിൽ ഇപ്പോൾ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ച വ്യാധികൾ ഡെങ്കിപ്പനിയും, എലിപ്പനിയും മറ്റ് വൈറൽ പനിയുമാണ്. ഇവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി കൊതുക് നശീകരണ പ്രവർത്തനങ്ങളും, മറ്റ് രോഗ നിയന്ത്രണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

.......4

കൊതുക് നശീകരണത്തിനായി ഉറവിട നശീകരണം, ഫോഗിംഗ്, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടുതൽ ഫോഗിംഗ്, സ്പ്രേയിംഗ് മെഷീനുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജനങ്ങളിൽ രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

ഡി) ഡെങ്കി പനി ബാധിതരുടെ ജനുവരി ഒന്നുമുതലുള്ള കണക്കുകൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

ഡി) സംസ്ഥാനത്ത് ഡെങ്കിപ്പനി ബാധിതരുടെ ജനുവരി 1 മുതൽ ജൂൺ 15 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| നം. | ജില്ല | ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 729 |
| 2 | കൊല്ലം | 18 |
| 3 | പത്തനംതിട്ട | 40 |
| 4 | ആലപ്പുഴ | 10 |
| 5 | കോട്ടയം | 43 |
| 6 | ഇടുക്കി | 23 |
| 7 | എറണാകുളം | 32 |
| 8 | തൃശ്ശൂർ | 22 |
| 9 | പാലക്കാട് | 6 |
| 10 | മലപ്പുറം | 16 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 11 |
| 14 | കാസർഗോഡ് | 1 |
| | ആകെ | 961 |

സെക്ഷൻ ഓഫീസർ